## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 97**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ പ്രിയരേ,

നമ്മുടെ കർത്താവിന്റെ ശരീരമാകുന്ന സഭയിൽ ദൈവജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും ദൈവവചനം പഠിപ്പിക്കുന്നതിനും കൂദാശകൾ അനുഷ്ഠിക്കുന്നതിനും കൂട്ടായ്മയിൽ നിലനിർത്തുന്നതിനും പട്ടക്കാർ പ്രധാന പങ്ക് വഹിക്കുന്നു. സംഘർഷങ്ങളുടെ മദ്ധ്യേ ത്യാഗപൂർവ്വം ശ്രേഷ്ഠമായ ശുശ്രൂഷ ചെയ്ത പട്ടക്കാരുടെ നിര നമുക്കുണ്ട്. എന്നാൽ അടുത്തകാലത്ത് ഈ ദർശനത്തിന് വ്യതിയാനങ്ങൾ ഉണ്ടാകുന്നു.

നമ്മുടെ സഭയിൽ പട്ടക്കാരനായി ശുശ്രൂഷ ചെയ്തു വന്ന ജോബി വി. ജേക്കബ് കശ്ശീശാ ഒരു വൈദികന്റെ സ്ഥാനത്തിന് യോഗ്യമല്ലാതെയും സമൂഹത്തിൽ മാതൃകാപരമല്ലാതെയും പ്രവർത്തിച്ചതിനാൽ അദ്ദേഹത്തെ 2023 മേയ് മാസം 12-ാം തീയതി മുതൽ സസ്പെൻഡു ചെയ്തിരിക്കുന്ന വിവരം 2023 മേയ് മാസം 12-ാം തീയതിയിലെ സർക്കുലർ നമ്പർ 88 മുഖേന ഏവരെയും അറിയിച്ചിരുന്നുവല്ലോ. സഭയ്ക്ക് അനുയോജ്യമല്ലാത്ത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് മെത്രാപ്പോലീത്താ ഒരു കമ്മീഷനെ നിയമിക്കുകയും പ്രസ്തുത കമ്മീഷൻ വിചാരണയ്ക്ക് ശേഷം സമർപ്പിച്ച റിപ്പോർട്ട് 2023 ജൂൺ മാസം 12-ാം തീയതി കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് അംഗീകരിക്കുകയും ചെയ്തു. എപ്പിസ്ക്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം ജോബി വി. ജേക്കബ് കശ്ശീശായെ 2023 ജൂൺ 17-ാം തീയതി മുതൽ സഭയുടെ വൈദിക സ്ഥാനത്തിനടുത്ത എല്ലാ പദവികളിൽ നിന്നും ഉത്തരവാദിത്തങ്ങളിൽ നിന്നും പൂർണ്ണമായി വിടർത്തിയിരിക്കുന്ന വിവരം ഏവരെയും അറിയിക്കുന്നു.

സഭാ ശുശ്രൂഷയിലേക്ക് ദൈവത്താൽ നിയോഗിക്കപ്പെട്ട പട്ടക്കാർ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ ലാഘവത്തോടെ കാണാതെ ശുശ്രൂഷയിൽ ഏറെ ജാഗ്രതയുള്ളവരായിരിക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്നത് കർത്താവിന്റെ ശരീരമായ സഭയ്ക്ക് വേദനാജനകമാകുന്നു എന്ന് ഓർത്തിരിക്കണം.

കർത്താവിന്റെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2023 ജൂൺ 17-ാം തീയതി

Theodosius - Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 97**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

The Clergy of the Mar Thoma Church play an important role in the Church, which is the body of Christ, to edify the people of God in faith, teach the Word of God, celebrate the sacraments, and bring people together in fellowship. We have an eminent group of ordained ministers who serve faithfully in the midst of trials through sacrifice. However, this vision has undergone certain deviations in recent times.

Rev. Joby V. Jacob, who was serving as an ordained minister in our Church, was suspended since 12 May 2023 due to indiscipline in his vocation as a clergy and flaws in social commitment. This was informed to all through Circular No. 88. The Metropolitan instituted a commission to investigate his actions, which were unbecoming. The commission submitted its report after due procedures, and the report was accepted by the Episcopal Synod which met on 12 June 2023. According to the decision of the Episcopal Synod, it is hereby informed to all that Rev. Joby V. Jacob is completely removed from all privileges and responsibilities of an ordained minister with effect from 17 June 2023.

The clergy, who are commissioned by God for the service of the Church, are to be more vigilant in their ministry without taking their duties lightly. Any failure in doing so is painful to the Church, the body of Christ.

May the Grace of our Lord be with you all.

Dated 17 June 2023, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**